കേരള സർക്കാർ

<u>സംഗ്രഹം</u>

വനിതശിശു വികസന വകുപ്പ്- സ്റ്റേറ്റ് നിർഭയ സെൽ - 2023-24 സാമ്പത്തിക വർഷത്തിൽ ധീര പദ്ധതി നിർവഹണത്തിനായി കാസർഗോഡ് ജില്ലയിൽ ചെലവായ തുക അനുവദിച്ച് നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനിതശിശു വികസന(ബി) വകുപ്പ്

**G.O.(Rt)500/2025/WCDD** **Dated,29/12/2025**

എ.എസ് നമ്പർ : AS/WCD/25/47639 കാലാവധി : 31/03/2026

പരാമർശം:-
1. സ.ഉ.(സാധാ)നം.529/2023/ഡബ്ള്യസിഡിഡി തീയതി. 20.09.2023.
2. വനിതശിശു വികസന ഡയറക്ടറുടെ 18.11.2025-ലെ DWCD/3148/2023–NCP01 നം. കത്ത്.

## <u>ഉത്തരവ്</u>

ലിംഗാധിഷ്ഠിത അതിക്രമങ്ങൾ പ്രതിരോധിക്കുന്നതിന് പെൺകുട്ടികളെ പ്രാപ്തരാക്കുന്നതിന് ധീര പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നല്കി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ വനിതാ ശിശു വികസന വകുപ്പിലെ നിർഭയ സ്റ്റേറ്റ് സെൽ മുഖേന പതിനാലു ജില്ലകളിലും "ധീര പദ്ധതി" നടപ്പിലാക്കിയിരുന്നു. ടി പദ്ധതി 2023-24 ൽ കാസർഗോഡ് ജില്ലയിൽ നടപ്പാക്കിയതിൽ ചെലവായ 26,700/- രൂപ ട്രഷറി ക്യൂ ബില്ലിൽ ഉൾപ്പെട്ടു പോയതിനാൽ 2023-24 ൽ ടി തുക മാറി നൽകുവാൻ സാധിച്ചിരുന്നില്ല എന്നും 2023-24 ലെ ക്യൂ ബില്ല് തുകകൾ അടുത്ത സാമ്പത്തിക വർഷമായ 2024-25 ലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് ചെലവഴിക്കുവാൻ നിർഭയ സ്റ്റേറ്റ് സെല്ലിലേയ്ക്ക് നൽകിയ അപേക്ഷകളിൽ ടി വിഷയം ഉൾപ്പെടുത്തുവാൻ വിട്ടുപോയി എന്നും ആയതു മാപ്പാക്കി നിലവിൽ ടി തുക അനുവദിച്ചു നൽകുവാൻ നടപടി സ്വീകരിക്കണം എന്നും ആവശ്യപ്പെട്ടു കൊണ്ട് കാസർഗോഡ് ജില്ലാ വനിതാ ശിശു വികസന ആഫീസർ അപേക്ഷ സമർപ്പിച്ചിട്ടുള്ളതായി വനിതശിശു വികസന ഡയറക്ടർ അറിയിച്ചിരിക്കുന്നു.
2024-25 വർഷത്തിൽ ധീര പദ്ധതി നടപ്പിലാക്കിയിരുന്നില്ല എന്നതിനാലും "പദ്ധതി പുന:ക്രമീകരണം" മൂലം മറ്റെല്ലാ പദ്ധതികൾക്കും തുക കുറവ് ചെയ്തിരുന്നു എന്നതിനാലും ടി തുക മാറി നൽകുവാൻ കഴിയാതിരുന്ന സാഹചര്യത്തിൽ കാസർഗോഡ് ജില്ലാ ശിശു സംരക്ഷണ ആഫീസിന്റെ 2023-24 ലെ ധീര പദ്ധതി നിർവ്വഹണത്തിനായി ചെലവായ 26,700/- രൂപ (ഇരുപത്തി ആറായിരത്തി എഴുന്നൂറ് രൂപാ മാത്രം) 2235-02-103-68 (പ്ലാൻ) (01) നിർഭയ പ്രൊഗ്രാംസ്-34 അദർ ചാർജ്ജസ് (3) അദർ

AS/WCD/25/47639

ഐറ്റംസ് എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നല്കണമെന്ന് വനിതശിശു വികസന ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ലാ ശിശു സംരക്ഷണ ആഫീസിന്റെ 2023-24 ലെ ധീര പദ്ധതി നിർവഹണത്തിനായി ചിലവായ 26,700/- രൂപ (ഇരുപത്തി ആറായിരത്തി എഴുന്നൂറ് രൂപാ മാത്രം) 2235-02-103-68 (പ്ലാൻ) (01) നിർഭയ പ്രൊഗ്രാംസ്-34 അദർ ചാർജ്ജസ് (3) അദർ ഐറ്റംസ് എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

## Head Of Account

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 2235-02-103-68-01-34-3-P-V | 26,700 | AS/WCD/25/47639 | 2026-03-31 |

പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | കാസർഗോഡ് ജില്ലാ ശിശു സംരക്ഷണ ആഫീസിന്റെ 2023 24 ലെ ധീര പദ്ധതി നിർവ്വഹണത്തിനായി ചിലവായ തുക അനുവദിക്കുന്നത് | 26,700 |
| ആകെ (ഇരുപത്തി ആറായിരത്തി എഴുന്നൂറ് രൂപ) | | **26,700** |

AS/WCD/25/47639

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

അഡീഷണൽ സെക്രട്ടറി

Women and Child Development

ഡയറക്ടർ, വനിതശിശു വികസന വകുപ്പ്, തിരുവനന്തപുരം.
സ്റ്റേറ്റ് കോർഡിനേറ്റർ, നിർഭയ സെൽ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഓർഡർ പ്രകാരം കൈമാറി,
SANTHOSHKUMAR T K

AS/WCD/25/47639